# കുടുംബശ്രീ ബാലസഭകളെ ഊർജിതമാക്കാൻ ഇനി പിയർ ഗ്രൂപ്പ് ലീഡർമാർ

തിരുവനന്തപുരം: കുടുംബശ്രീ ബാലസഭാ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ ഇനി പിയർ ഗ്രൂപ്പ് ലീഡർമാർ. നിലവിലുള്ള ബാലസഭകളിൽ നിന്നും 15 മുതൽ 18 വയസുവരെ പ്രായമുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകും. സംസ്ഥാനമൊട്ടാകെ 66743 ബാലസഭകളിലായി പത്തു ലക്ഷത്തിലധികം കുട്ടികൾ അംഗങ്ങളാണ്. സംസ്ഥാനത്തെ എല്ലാ സി.ഡി.എസുകളിൽ നിന്നും ഏറ്റവും സമർത്ഥരായ മൂന്നു കുട്ടികളെ വീതമാണ് പിയർ ഗ്രൂപ്പ് ലീഡർ പരിശീലന പരിപാടിയിലേക്കു തിരഞ്ഞെടുത്തിട്ടുള്ളത്. ഇതു പ്രകാരം സംസ്ഥാനത്ത് 3000 കുട്ടികൾക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ പരിശീലനം നൽകും. ഓരോജില്ലയിലും 70 പേർ വീതമുള്ള ബാച്ചുകൾക്ക് രണ്ടു ദിവസം പരിശീലനം നൽകും. ആദ്യ ബാച്ചിന്റെ പരിശീലനം എറണാകുളത്ത് സംഘടിപ്പിച്ചു.

സോഷ്യൽ വർക്ക്, ജേർണലിസം ആൻഡ് കമ്മ്യൂണിക്കേഷൻ, തിയറ്റർ തുടങ്ങിയ വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള 28 അംഗ ജൂനിയർ ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിലാണ് പിയർ ഗ്രൂപ്പ് ലീഡർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് തുടർപരിശീലനവും അനുബന്ധപ്രവർത്തനങ്ങളും നടത്താനും കുടുംബശ്രീ ലക്ഷ്യമിടുന്നു. കുട്ടികളെ ജനാധിപത്യമൂല്യങ്ങൾ പരിശീലിപ്പിക്കുന്നതിനും സാമൂഹ്യപ്രതിബദ്ധതയുള്ള പൗരൻമാരായി രൂപപ്പെടുത്തുന്നതിനുമുള്ള കുടുംബശ്രീ സംവിധാനമാണ് ബാലസഭകൾ. ഇതിന്റെ ഭാഗമായി ബാലസംഗമം, ബാലപഞ്ചായത്ത്, ബാലപാർലമെന്റ് എന്നിവയും സംഘടിപ്പിക്കും.

# കുടുംബശ്രീ ബാലസഭകളെ ഊർജിതമാക്കാൻ പിയർ ഗ്രൂപ് ലീഡർമാർ

**തിരുവനന്തപുരം**: കുടുംബശ്രീ ബാലസഭ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ പിയർ ഗ്രൂപ് ലീഡർമാരെ രൂപവത്കരിക്കുന്നു. ഇതിൻെറ ഭാഗമായി നിലവിലുള്ള ബാലസഭകളിൽനിന്ന് 15 മുതൽ 18 വരെ പ്രായമുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകും.

സംസ്ഥാനത്തെ എല്ലാ സി.ഡി.എസുകളിൽനിന്ന് സമർഥരായ മൂന്നു കുട്ടികളെ വീതമാണ് പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

ഇതു പ്രകാരം 3,000 കുട്ടികൾക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ പരിശീലനം നൽകും. ഓരോ ജില്ലയിലും 70 പേർ വീതമുള്ള ബാച്ചുകൾക്ക് രണ്ടു ദിവസം പരിശീലനം നൽകും. ആദ്യ ബാച്ചിൻെറ പരിശീലനം എറണാകുളത്ത് സംഘടിപ്പിച്ചു.

സോഷ്യൽ വർക്ക്, ജേണലിസം ആൻഡ് കമ്യൂണിക്കേഷൻ, തിയറ്റർ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരുടെ നേതൃത്വത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് തുടർപരിശീലനവും അനുബന്ധപ്രവർത്തനങ്ങളും നടത്താനും കുടുംബശ്രീ ലക്ഷ്യമിടുന്നുണ്ട്.

കുട്ടികളെ ജനാധിപത്യമൂല്യങ്ങൾ പരിശീലിപ്പിക്കുന്നതിനും സാമൂഹികപ്രതിബദ്ധതയുള്ള പൗരന്മാരായി രൂപപ്പെടുത്തുന്നതിനുമുള്ള കുടുംബശ്രീ സംവിധാനമാണ് ബാലസഭകൾ. ഇതിൻെറ ഭാഗമായി ബാലസംഗമം, ബാല പഞ്ചായത്ത്, ബാലപാർലമെൻറ് എന്നിവയും സംഘടിപ്പിക്കും.

# 'ഡിസംബർ ഫെസ്റ്റ്', കാഴ്ചകളുടെ പുതുവസന്തം




തിരുവനന്തപുരം: കേരളകൗമുദി 'ഡിസംബർ ഫെസ്റ്റ്' തലസ്ഥാനം ആഘോഷമാക്കുന്നു. സ്കൂളുകൾ ഡിസംബർ അവധിക്കായി അടച്ചതോടെ കുട്ടികളുൾപ്പെടെയുള്ളവർ മേളയിലേക്ക് ഒഴുകുകയാണ്. സംസ്ഥാന ഇലക്ഷൻ കമ്മിഷണർ വി. ഭാസ്കരനും കുടുംബവും ഇന്നലെ ഡിസംബർ ഫെസ്റ്റ് കാണാനെത്തിയിരുന്നു.

മാജിക് ഷോ കണ്ടും കുടുംബശ്രീ സ്ത്രീകൾ നടത്തുന്ന ഭക്ഷ്യമേളയുടെ വിഭവങ്ങളും രുചിച്ചാണ് അദ്ദേഹം മടങ്ങിയത്.

മേളയിലെ വിവിധയിനം അലങ്കാരച്ചെടികൾ വാങ്ങാനും തിരക്ക് കൂട്ടുകയാണ്. കോട്ടൂർക്കോണം മാവ്, സപ്പോട്ട, ഓറഞ്ച്, വരിക്കപ്ലാവ് എന്നിവയ്ക്കായിരുന്നു ഡിമാൻഡ്. 30 മുതൽ 5,000 രൂപ വിലവരുന്ന ചെടികളാണ് വില്പനയ്ക്കുള്ളത്. മൂന്ന് വർഷം കൊണ്ട് കായ്ക്കുന്ന ഓറഞ്ച്, സപ്പോട്ട, വിവിധയിനം ഔഷധ സസ്യങ്ങൾ, റമ്പൂട്ടാൻ, ഒരു വർഷം കൊണ്ട് കായ്ക്കുന്ന മുരിങ്ങ, കറയില്ലാത്ത വരിക്ക പ്ലാവ് എന്നിവയ്ക്കാണ് ആവശ്യക്കാരേറെ.


ബിനോയ് മാർബിൾസ് ആൻഡ് ഗ്രാനൈറ്റ്സ് - കേരളകൗമുദി ഡിസംബർ ഫെസ്റ്റിൽ കഫെ കുടുംബശ്രീ സ്റ്റാൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ വി. ഭാസ്കരൻ സന്ദർശിച്ചപ്പോൾ

കൊല്ലം രണ്ടാംപുറ്റിയിൽ 40 വർഷമായി കുമാർ നഴ്സറി നടത്തുന്ന ജയകുമാറാണ് സ്റ്റാൾ നടത്തുന്നത്. ഉദ്യാൻ പണ്ഡിറ്റ് അവാർഡ്ജേതാവുമാണ്. ഇന്നും നാളെയും രാവിലെ 11 മുതൽ ഡിസംബർ ഫെസ്റ്റ് കാണാം.


ഡിസംബർ ഫെസ്റ്റിൽ ടിന്റു അവതരിപ്പിച്ച ഫയർ ഡാൻസ്